# പതിനാലാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3594 — 11.12.2018 ലെ മറുപടിക്ക്

**കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം വീട്ട നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ മന്ത്രി) |
| (എ) കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം വീട്ട നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്ന് സർക്കാർ വിജ്ഞാപനം ചെയ്തപ്രകാരം വീട്ട നിർമ്മിക്കാനുള്ള അനുമതിക്കായി സമർപ്പിച്ച എത്ര അപേക്ഷകൾ തീർപ്പാക്കാതെയുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത നിയമത്തിനു ശേഷം എത്ര അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചുവെന്ന് അറിയിക്കുമോ; | (എ) കേരള നെയൽവയൽ തണ്ണീർത്തട സംരക്ഷണ(ഭേദഗതി) നിയമം നിലവിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ വീട് നിർമ്മിക്കുന്നതിന് അനുമതിക്കായി ലഭിച്ച അപേക്ഷയുടെയും നടപടി എടുത്തവയുടെയും ശേഷിക്കുന്ന അപേക്ഷയുടെയും എണ്ണം അനുബന്ധമായി ചേർക്കുന്നു. നഗരസഭകളിലും മുനിസിപ്പാലിറ്റികളിലും ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ ശേഖരിച്ച് വരുന്നു. |
| (ബി) പ്രസ്തുത നിയമം വന്നതിനു ശേഷവും ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീട്ട നിർമ്മാണ അനുമതിക്ക് അനാവശ്യ കാലതാമസം വരുത്തി ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നു എന്ന ആക്ഷേപം പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (ബി) കേരള നെൽവയൽ തണ്ണീർത്തട നിയമം നിലവിൽ വന്നതിനുശേഷം വീട് നിർമ്മിതിക്ക് അനാവശ്യ കാലതാമസം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| ജില്ല | കേരള നെയൽവയൽ തണ്ണീർത്തട സംരക്ഷണ(ഭേദഗതി) നിയമം നിലവിൽ വന്നതിനുശേഷം ലഭിച്ച അപേക്ഷകളുടെ എണ്ണം | തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം | ശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 236 | 139 | 97 |
| കൊല്ലം | 292 | 215 | 77 |
| പത്തനംതിട്ട | 10 | 8 | 2 |
| ആലപ്പുഴ | 863 | 666 | 197 |
| കോട്ടയം | 384 | 304 | 80 |
| ഇടുക്കി | 97 | 87 | 10 |
| എറണാകുളം | 1106 | 905 | 201 |
| തൃശ്ശൂർ | 2200 | 1030 | 1170 |
| മലപ്പുറം | 4071 | 3082 | 989 |
| പാലക്കാട് | 2972 | 2198 | 774 |
| കോഴിക്കോട് | 638 | 430 | 208 |
| വയനാട് | 738 | 267 | 471 |
| കണ്ണൂർ | 649 | 530 | 119 |
| കാസർഗോഡ് | 258 | 229 | 29 |
| **ആകെ** | **14514** | **10090** | **4424** |

സെക്ഷൻ ഓഫീസർ